# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2654 — 09.03.2017 -ലെ മറുപടി

## കുടിവെള്ള വില്പന കമ്പനികളുടെ നിയന്ത്രണം

ചോദ്യം — മറുപടി

ശ്രീ. എൻ. വിജയൻ പിള്ള — മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | അമിതമായി ഭൂഗർഭജലം ഊറ്റിയെടുത്ത് വില്ക്കുന്ന കുടിവെള്ള വില്പന കമ്പനികളെ വരൾച്ചാകാലത്ത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ; | എ) | ഭൂജല വകുപ്പ് ശാസ്ത്രീയപഠനങ്ങൾ നടത്തി, മറ്റു ജലസ്രോതസ്സുകളെ ബാധിക്കാത്ത രീതിയിൽ സുരക്ഷിതമായ അളവിലാണ് കുപ്പിവെള്ള കമ്പനികൾക്ക് ഭൂജലം ഉപയോഗിക്കാനുള്ള എൻ.ഒ.സി നൽകുന്നത്. രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ ഭൂജല വകുപ്പിൽ നിന്നും എൻഒസി ലഭ്യമാക്കിയിട്ടുള്ള കുപ്പിവെള്ള കമ്പനികൾക്ക് ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം ഭൂജല ഉപയോഗം 75% കുറയ്ക്കുന്നതിനുള്ള നിർദ്ദേശം വകുപ്പ് നൽകിയിയിട്ടുണ്ട്. |
| ബി) | കുപ്പിവെള്ള കമ്പനികൾ ജല ശുദ്ധീകരണ ജോലികൾ ഭാഗികമായി മാത്രം നിർവ്വഹിച്ച് അമിത വില്പന ഈടാക്കി ചൂഷണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) യും സി) യും | പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഭക്ഷ്യസുരക്ഷ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളാണ് ജലത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നത്. അമിത വില ഈടാക്കി ചൂഷണം നടത്തുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഇങ്ങനെ കണ്ടെത്തിയ എതെങ്കിലും സ്ഥാപനത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | | |

സെക്ഷൻ ഓഫീസർ